# അസൂയ

ഡോ: കെ. ഭാസ്കരൻനായർ

കാമമാണു മനുഷ്യന്റെ അതിപ്രധാനവും അടക്കുവാൻ കഴിയാത്തതുമായ ജന്മവാസനയെന്നു സുപ്രസിദ്ധ മനശ്ശാസ്ത്രജ്ഞനായ ഫ്രോയ്ഡ് വാദിക്കുകയുണ്ടായി. ഇതു തെററാണെന്നു 1969-ൽ പോലും രണ്ടു് അമേരിക്കൻ ശാസ്ത്രജ്ഞന്മാർ ശക്തിയായി വാദിച്ചിരിക്കുന്നതു കണ്ടു. പക്ഷേ, എന്തെല്ലാം എതിർവാദങ്ങൾ ഉണ്ടായിട്ടും ഫ്രോയ്ഡിന്റെ സിദ്ധാന്തം അടിസ്ഥാനരഹിതമല്ല എന്ന ധാരണ ആധുനികസംസ്കാരത്തിൽ പരക്കെയുണ്ടു്. ഇന്നത്തെ കലയിലും സാഹിത്യത്തിലും അതല്ലാതെ മറെറാരു വിഷയമില്ല.

മനഃശാസ്ത്രജ്ഞനല്ലെങ്കിലും എനിക്കു തോന്നുന്നതു് കാമത്തിനല്ല അസൂയയ്ക്കാണു് പ്രഥമസ്ഥാനം നല്കേണ്ടതെന്നാണു്. കാമത്തെ ചിലപ്പോഴെങ്കിലും കീഴടക്കാമെന്നും. പലപ്പോഴും പ്രേമമായും കലയായും രൂപസംസ്കരണം ചെയ്തു പ്രശോഭിപ്പിക്കാമെന്നും ഫ്രോയ്ഡുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അസൂയയുടെ കാര്യത്തിൽ ഇതൊന്നും സാധ്യമല്ല. ജനനം മുതൽ മരണം വരെ അതു ശക്തിമത്തായി നില്ക്കുന്നു. എവിടെയും അതിന്റെ അതിപ്രസരം ദൃശ്യമാണു്. അതിനെ അമർത്തുവാനോ മറെറന്തെങ്കിലുമായി ഉയർത്തുവാനോ വഴിയില്ല. ഏതു നിലയിലുള്ളവനും ഏതു വർഗ്ഗത്തിൽ പെട്ടവനും അതിനു വിധേയനാണു്.

"അയ്യോ! വല്യമ്മാവാ, ആ പരമുപിള്ളയുടെ പറമ്പിൽ ചേനയും കാച്ചിലും വളർന്നുനില്ക്കുന്നതു കണ്ടാൽ സഹിക്കുമോ"

എന്നു് ഒരു ഗ്രാമീണബാലൻ പറഞ്ഞതായി ഒരു കഥയുണ്ടു്. ഇതുപോലെ ചോര നീരാക്കുന്ന അദ്ധ്വാനംകൊണ്ടോ, ഭാഗ്യംകൊണ്ടോ, ഭയാനകമായ കൃത്രിമംകൊണ്ടോ മററുള്ളവർക്കുണ്ടാകുന്ന വിഭവങ്ങളും വൈഭവങ്ങളും കാണുമ്പോൾ മനുഷ്യനു് 'സഹിക്കുകയില്ല'. ഇതു്, പല പല വ്യക്തികളായി വേർതിരിഞ്ഞു് പ്രത്യക്ഷപ്പെട്ടുകാ എന്ന ജീവന്റെ അടിസ്ഥാനസ്വഭാവത്തിൽതന്നെ അന്തർലീനമായ ഒരു വൈകല്യമല്ലെ എന്നുപോലും സംശയിക്കാവുന്നതാകുന്നു. മററു ജീവികളിൽ അതു് അബോധപൂർവമായ ജീവിതമത്സരമായി ആവിഷ്കൃതമാകുന്നു. ചെടികളും ശലഭങ്ങളും മൃഗങ്ങളും പക്ഷികളും എന്നുവേണ്ട സമസ്ത ജീവജാലവും അതിനു വിധേയമാണെന്നു് ഡാർവിൻ തെളിയിച്ചിട്ടുണ്ടു്. പ്രാണിസഹജമായ ഈ ജീവിതമത്സരത്തിന്റെ മാനസികമായ ആവിഷ്കരണമാണു് അസൂയ.

അന്യന്റെ പുരപ്പുറം പുകയുന്നതും അവൻ അലക്കിയ മുണ്ടുടുക്കുന്നതും കണ്ടാൽ അസുഖം തോന്നുന്നവരെന്നു് ചിലയാളുകളെപ്പററി നാട്ടിൻപുറത്തുകാർ പറയാറുണ്ടു്. പുരപ്പുറം പുകയുന്നതു കണ്ടാൽ "ഇന്നു് കഞ്ഞിവച്ചല്ലോ" എന്നു പറയും. അലക്കിയ മുണ്ടുടുത്തുകണ്ടാൽ 'ഇന്നു് പിറന്നാളാണോ?" എന്നു ചോദിക്കും. ഇങ്ങനെയുള്ളവരെ നാട്ടിൻപുറത്തു മാത്രമല്ല കാണാവുന്നതു്. അവർ എവിടെയുമുണ്ടു്. എല്ലാവരുടെ ഉള്ളിലുമുണ്ടു്.

"അവൻ ആ സ്ഥാനത്തിരിക്കുന്നതു് എനിക്കു പിടിക്കുന്നില്ല. അവനെ താഴെയിറക്കുവാൻ എന്താണു ഉപായം?"

"അവൻ നിങ്ങളോടു എന്തു ദോഷം ചെയ്തു?"

'ദോഷം ചെയ്യുകയോ? അതിനവല്ലതും അവനെക്കൊണ്ടു കൊള്ളാമോ? ദോഷം ചെയ്യാനും അല്പം തന്റേടം വേണമല്ലോ. തന്റേടമുണ്ടായാലും അവൻ എന്നോടു് ഒന്നും ചെയ്യാനില്ല. ചെയ്താൽ ഞാനൊട്ടു സഹിക്കുകയുമില്ല. അതുകൊ



Digitized by Kerala Sahitya Akademi

ണ്ടൊന്നുമല്ല; അവനെ എനിക്കു പിടിക്കുന്നില്ല.''

''പോകട്ടെ, കറുപ്പചേട്ടാ! അവന്റെ പാട്ടനാക്കി അവനും ജീവിക്കട്ടെ. എല്ലാവർക്കും ഈ ലോകത്തിൽ കഴിയണമല്ലോ.''

''അങ്ങനെ പറയൂ! അതാണ് കാര്യം. നമ്മളൊക്കെ കഴിയുന്നതുപോലെ കഴിഞ്ഞുകൂടിയാൽ പോരേ, അവനും? ഇങ്ങനെ മിനുങ്ങുന്ന സൂട്ടുമിട്ട്, ദിവസവുമെന്നപോലെ കാറുംമാറി, വലിയമട്ടിൽ ജീവിക്കുന്നതെന്തിന്? അവൻ പണിയിച്ച വീടുകണ്ടോ? അതുമുഴുവനും കള്ളപ്പണമാണ്." ''അതാണുകാര്യമെങ്കിൽ അവനേക്കാൾ എത്രയോമുമ്പേ താഴേയിറക്കേണ്ടവർ പലരുമുണ്ടല്ലോ. ബിർളാ, ദാൽമിയ, ഫോർഡ്, റോക്കഫെല്ലർ, ഒനാസ്സിസ്, എന്നിങ്ങനെ എത്രയോ പേരുണ്ട്. അവരുടെ ഒരുദിവസത്തെ ആദായത്തിന് അടുത്തുവരുമോ ഈ രാജ്യത്തെ ഏററവും വലിയ കുബേരന്റെ സമ്പാദ്യം.''

''അതൊക്കെ കളയണം! അവരൊക്കെ എവിടെയോ കിടക്കുന്നവർ. ഞാനും നിങ്ങളും കണ്ടിട്ടുപോലുമില്ലാത്തവർ.''

''അപ്പോൾ അറിയുന്നവന്റെ അഭ്യുദയമാണു ദുസ്സഹം, അല്ലെ?'

''സംശയമെന്ത്?''

ഭൗതികസമ്പത്തിനോടു മാത്രമാണ് കുശുമ്പെന്നു ധരിക്കരുത്. കവിതയെഴുതുന്നവനെ കണ്ടുകൂടാ. ഭംഗിയായി കവിതചൊല്ലുന്നവനെ കണ്ടുകൂടാ. സ്വന്തം പണംകൊടുത്തു് നല്ല പുസ്തകങ്ങൾ വാങ്ങുന്നവനെ കണ്ടുകൂടാ. സ്വഭാവശുദ്ധിയുള്ളവനെ കണ്ടുകൂടാ. സൽപേരു സമ്പാദിച്ചവനെ കണ്ടുകൂടാ. കൂട്ടുകൂടി കള്ളുംകുടിച്ച് മററുള്ളവക്ക് പാരവയ്ക്കാതെ തൻകാര്യം നോക്കി നടക്കുന്നവനെ കണ്ടുകൂടാ. ഈശ്വരവിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നവനെ കണ്ടുകൂടാ. ''അവൻ അത്രവലരെ കേമനൊന്നും ആകാൻ നോക്കേണ്ട.'' എന്നാണ് ശാഠ്യം. ഈ വിലക്ക് വകവയ്ക്കാതെ അവൻ കേമനായിപ്പോയാൽ ''അതൊന്നും ഞാൻ വകവച്ചുകൊടുക്കുകയില്ല. എങ്ങിനെ കിടന്നവനാണെന്ന് ഞാൻ അറിയാത്തതാണോ? അക്ഷരങ്ങൾ പോലും നിശ്ചയമില്ലായിരുന്നു. ഇന്നിപ്പോൾ മഹാകവിയായിരിക്കുകയാണു്. ഞാനും പണ്ടു കവിതയെഴുതിയിരുന്നു. അതുകൊണ്ടൊന്നും ഒരു പ്രയോജനവുമില്ലെന്നു കണ്ടപ്പോൾ ആധാരമെഴുത്തിനുപോയെന്നുമാത്രമേയുള്ളൂ. തുടർന്നിരുന്നെങ്കിൽ അവനു് ഇന്നു് ഈ പദവികൾ [illegible] കൈയാളാൻ സാധിക്കുമോ?'' ശരിയല്ലെ? തെററാണെന്നു തെളിയിക്കുവാൻ ആർക്കു കഴിയും?

മറെറാരുതരം അസൂയയുണ്ട്. അതു് ഏററവും പ്രിയപ്പെട്ടവരുടെ നേക്കുള്ളതാണ്. തനിക്കുവേണ്ടി പോരടിക്കുവാൻ മാത്രമല്ല മരിക്കുവാനും സന്നദ്ധനാണെന്നു സംശയലേശമെന്യേ തെളിയിച്ചുകൊണ്ട്, സുഖത്തിലെന്നപോലെ ദുഃഖത്തിലും പങ്കുകൊണ്ട്, ആരാധകനെന്നല്ല ഭക്തനായിത്തന്നെ നടക്കുന്ന പ്രാണസുഹൃത്തിന്റെ നേക്ക്. അയാളെ സ്ഥാനത്തും അസ്ഥാനത്തും പ്രശംസിക്കും. അങ്ങേയററം പിൻതാങ്ങും. എന്തു സഹായവും ചെയ്തുകൊടുക്കും. എന്നാലും അയാൾ തന്നെക്കാൾ വലിയവനായി വളർന്നേക്കും എന്നു സംശയം തോന്നിയാൽ പിന്നെ സഹിക്കുകയില്ല! ആ സാധു ഇതറിഞ്ഞു പെരുമാറിക്കൊള്ളണം. തനിക്കു വല്ല ശോഭയും ഉണ്ടെങ്കിൽ അതു മുഴുവനും ആരാധനാപാത്രത്തിൽനിന്നു കിട്ടുന്നതു മാത്രമാണെന്ന് അറിഞ്ഞുകൊള്ളണം. എപ്പോഴും ഒരു കണ്ണാടിയായി നിന്നുകൊള്ളണം. ദീപമാകുവാൻ ശ്രമിക്കരുത്. തനിച്ചു നടക്കുമ്പോഴും ഇതേ പാടുള്ളൂ. സന്നിധാനത്തിൽ ആരാധകഭാവം മനസ്സിൽ ഉണ്ടായാൽ പോരാ; ലോകത്തെ ബോദ്ധ്യപ്പെടുത്തുകയും വേണം. ഇതിന്നു വിരുദ്ധമായി, സ്വന്തമെന്ന് അഭിമാനിക്കുന്ന ഒരു ചെറുരശ്മിയെങ്കിലും കണ്ടുപോയാൽ പിന്നെ യുദ്ധമാണു്. പതിവായുള്ള മന്ദഹാസത്തിന്റെ സ്വഭാവംതന്നെ അടുത്ത മാത്രയിൽ മാറിപ്പോകും. സൗഹൃദത്തിന്റെ സ്ഥാനത്തു് ഔദ്ധത്യം കണ്ടുതുടങ്ങും. കുട്ടിയാന തള്ളയാനയുടെ വാലിൽ പിടിച്ചു മല കയറുമ്പോൾ ഉണ്ടാകുമെന്നു പറയുന്ന അനുഭവമാണിതു്.

''അവനു് ഇത്രവേഗം ഭാരം കൂടിയതെങ്ങിനെ? എനിക്കു തളച്ച് തോന്നുന്നല്ലൊ...ഓഹോ! കാര്യം മനസ്സിലായി അവൻ പിടിച്ചു കയറുക മാത്രമല്ല



Digitized by Kerala Sahitya Akademi



## നാലാങ്കൽ

നക്ഷത്ര കോടികളെല്ലാം—ചേന്ന
നർത്തനം ചെയ്യുവേ, ഏത്തിൽ,
വാടിവരുണ്ട ദലങ്ങ—ളാരാൽ
വാർമികം ദീപ്തി കൂടിച്ചു.
ഉള്ളിൽ ഞെരിഞ്ഞു പിടഞ്ഞു—വിദ്യുത്
തുള്ളി തന്നക്ഷൗഹണികൾ.
പൊട്ടിപ്പതഞ്ഞിതാത്മാവിൽ—വെള്ള-
പ്പൊക്കമായിട്ടീപ്രപഞ്ചം;
സംഖ്യയില്ലാതുള്ള വണ്ണ—ഭം ി
സങ്കലനം ചെയ്യൾപ്പുവിൽ,

ഭൂമിതൻ നിത്യ യുവത്വം—ഗന്ധ-
ധൂമമായ്. പ്പൽകീവികാരം
വിശ്വപ്രകൃതിതൻ പ്രാണ—വാത-
വീചിയൊഴുകവേ, ജീവൻ,
മാറുന്നിതോടക്കുഴലായ്—നാദ-
മാധുരിതൻ പുഞ്ചിരിയായ്
മുട്ടി, യിരുന്നു, മനസ്സിൽ—നാക
മുഗ്ദ്ധവിലാസം, സമസ്തം.

—o—

---

ചെയ്യുന്നതു്. കാലിനു് ഉറപ്പുകിട്ടിയതുകൊണ്ടു് അല്പാല്പമായി പുറകോട്ടു വലിച്ചുനോക്കുകയും ചെയ്യുന്നുണ്ടു്. ബലം പരീക്ഷിക്കുകയാണു്, അല്ലേ? മറിച്ചിടാമോ എന്നു നോക്കുകയാണു്! ശരി. നോക്കാം.''

ഈ മനോഭാവം വന്നുപോയാൽ പിന്നെ അതു മാറുകയില്ല, കടലെടുത്തു കാണിച്ചാലും വാഴനാരാണെന്നു പറയും. സ്നേഹബന്ധം തുടർന്നുപോകണമെന്നു് താല്പര്യമുണ്ടെങ്കിൽ ആരാധകൻ ആ രംഗത്തുനിന്നു നിഷ്ക്രമിച്ചുകൊള്ളണം. അല്ലെങ്കിൽ ആപത്താണു്. നിർദ്ദോഷമായ കുശലപ്രശ്നങ്ങൾപോലും ദുർവ്യാഖ്യാനം ചെയ്യപ്പെടും. ''സുഖക്കേടു് എങ്ങനെയിരിക്കുന്നു'' എന്നു ചോദിച്ചാൽ, ''മരിക്കാറായില്ല'' എന്നായിരിക്കും മറുപടി.

ജനാധിപത്യവും സോഷ്യലിസവും കമ്മ്യൂണിസവും മഹായുദ്ധങ്ങളുമെല്ലാം ശുദ്ധമായ അസൂയയിൽനിന്നു ജനിച്ചവയാണു്. അധികാരത്തിലും ഉപഭോഗത്തിലും എല്ലാവരും സമനിലയെത്തിയാൽ അസൂയ തീരുമോ? തീരുമെന്നു തോന്നുന്നില്ല. അന്നു തൊലി വെളുത്തവനെപ്പററി തൊലി കറുത്തവൻ അസൂയപ്പെട്ടും. മറിച്ചുമാകാം. ഏതു നിറമാണു് ആകർഷകമായി കരുതുന്നതു് എന്നതിനെ ആശ്രയിച്ചിരിക്കും. കാലുള്ളവനെപ്പററി കാലൊടിഞ്ഞവനു കുശുമ്പുതോന്നും. വൃദ്ധനു യുവാവിനെപ്പററയും, പുരുഷനു് സ്ത്രീയെപ്പററിയും, സ്ത്രീക്കു പുരുഷനെപ്പററിയും അസൂയയുണ്ടാകും. താപഗതിശാസ്ത്ര (തെർമോഡൈനാമിക്സ്) ത്തിലെ രണ്ടാംനിയമം വിവക്ഷിക്കുന്ന പ്രപഞ്ചാവസാനത്തിൽ. മനുഷ്യനും മൃഗവും എല്ലാം നശിച്ചു് ജഡവസ്തുവും ഭൗതികശക്തികളും തമ്മിലുള്ള വ്യത്യാസം പോലും അസ്തമിക്കുമ്പോൾ മാത്രമേ അസൂയ ഇല്ലാതാവുകയുള്ളു

—o—

Digitized by Kerala Sahitya Akademi